**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **04-10-2021 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം നഗരസഭയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നഗരാസൂത്രണത്തിന്റെ ഭാഗമായി പട്ടണങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) മുഖേന നടപ്പിലാക്കിവരുന്ന 'മാസ്റ്റർപ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയിൽ, സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങളുടെയും മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ, അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർപ്ലാനുകളുടെ തയ്യാറാക്കൽ എന്ന കേന്ദ്ര പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകൾ കൂടാതെ ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ പട്ടണങ്ങളുടെ മാസ്റ്റർപ്ലാനുകളും തയ്യാറാക്കുന്നുണ്ട്. |
| (ബി) | നീലേശ്വരം നഗരസഭയുടെ ബഹുമുഖമായ വികസനം മുൻനിർത്തി നഗരാസൂത്രണം നടത്തിയിട്ടുണ്ടോ; | (ബി) | മാസ്റ്റർപ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ എന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നീലേശ്വരം പട്ടണത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരികയാണ്. അടുത്ത 20 വർഷ കാലയളവിലെ ആസൂത്രിത വികസനം ലക്ഷ്യം വെച്ചാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. |
| (സി) | ഇവിടെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | ഇരുപതു വർഷത്തെ വികസന സാധ്യത കണക്കിലെടുത്ത് സുസ്ഥിര വികസനത്തെ മുൻകൂട്ടി കണ്ടു, വിവിധ വികസന മേഖലകളായ ആരോഗ്യം, വാണിജ്യം, വ്യവസായം, ഗതാഗതം, വിനോദസഞ്ചാരം, കൃഷി, ഊർജ്ജം തുടങ്ങിയവയ്ക്കായി വിവിധ നിർദ്ദേശങ്ങൾ കരട് മാസ്റ്റർപ്ലാനിൽ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ